സ്വഭാവം, സേവന-വേതന വ്യവസ്ഥകൾ, കോളേജ് പ്രവർത്തിക്കുന്നതിനുള്ള കെട്ടിടം, ലൈബ്രറി, ലാബ് സൗകര്യങ്ങൾ, വിദ്യാർത്ഥികൾക്കുള്ള താമസ സൗകര്യങ്ങൾ, മറ്റ് സൗകര്യങ്ങൾ മുതലായവ സർവ്വകലാശാലയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി നിറവേറുമെന്നും ബന്ധപ്പെട്ട സിൻഡിക്കേറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്. മേൽ സൂചിപ്പിച്ച വിവരങ്ങൾ കൂടാതെ, ഈടാക്കാൻ ഉദ്ദേശിക്കുന്ന ഫീസ്, കെട്ടിടങ്ങൾക്കും മറ്റു സജ്ജീകരണങ്ങൾക്കും ഉണ്ടാകാവുന്ന മൂലധനച്ചെലവിന് വകയിരുത്തിയിട്ടുള്ള ആദായ മാർഗ്ഗങ്ങൾ, കോളേജ് നിലനിർത്തിക്കൊണ്ടുപോകുന്നതിനുള്ള ധനസ്രോതസ്സ്, വസ്തു സംബന്ധമായ വ്യക്തമായ അവകാശപത്രം തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടുള്ള അപേക്ഷയാണ് സർവ്വകലാശാല രജിസ്ട്രാർ മുൻപാകെ സമർപ്പിക്കേണ്ടത്. ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് സർവ്വകലാശാലാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയതിനുശേഷമാണ് അഫിലിയേഷൻ നൽകുന്നതിന് സർവ്വകലാശാലാ സിൻഡിക്കേറ്റ് അനുവാദം നൽകുന്നത്.

(ബി) എഞ്ചിനീയറിംഗ് കോളേജ് സജ്ജമാക്കുന്നതിന് ഏകദേശം 1,530 ലക്ഷം രൂപയും എം. സി. എ. സ്ഥാപനത്തിന് 245.50 ലക്ഷം രൂപയുമാണ്, ഇവയിലെ ഫീസ് നിശ്ചയിച്ച ജസ്റ്റിസ് കെ. ടി. തോമസ് കമ്മിറ്റി ചെലവിനത്തിൽ കണക്കാക്കിയിട്ടുള്ളത്. എം. ബി. എ.യെ സംബന്ധിച്ചിടത്തോളം ഓരോ സ്ഥാപനത്തിന്റേയും ഭൗതിക സൗകര്യങ്ങൾക്കനുസൃതമായിട്ടാണ് ഫീസ് നിശ്ചയിച്ചത്. അതിനാൽ ചെലവിനം കണക്കാക്കിയിട്ടില്ല.

(സി) എഞ്ചിനീയറിംഗ് കോളേജ് നടത്തിക്കൊണ്ടുപോകുന്നതിന് പ്രതിവർഷം 337,66,400 രൂപയും എം. സി. എ. സ്ഥാപനത്തിന് ജീവനക്കാരുടെ ശമ്പളയിനത്തിൽ 39,74,400 രൂപയും വാർഷിക അറ്റകുറ്റപ്പണികൾക്കും മറ്റു ചെലവുകൾക്കുമായി 22.35 ലക്ഷം രൂപയുമാണ് ഏകദേശ ചെലവായി കണക്കാക്കിയിട്ടുള്ളത്. എം. ബി. എ. സ്ഥാപനത്തിനുണ്ടാകുന്ന ചെലവ് കണക്കാക്കിയിട്ടില്ല.

(ഡി) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിയിൽ നിന്നും പ്രതിവർഷം 38,700 രൂപയും സ്വാശ്രയ എം. സി. എ. സ്ഥാപനത്തിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിയിൽ നിന്നും പ്രതിവർഷം 38,500 രൂപയുമാണ് ഫീസിനത്തിൽ ലഭിക്കുന്നത്. സ്വാശ്രയ എം. ബി. എ. സ്ഥാപനങ്ങളിൽ വ്യത്യസ്ത നിരക്കിലുള്ള ഫീസാണ് നിശ്ചയിച്ചിട്ടുള്ളത്. അവയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. †

സർവ്വകലാശാല കലോത്സവങ്ങൾ

142 [2373] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരവധി കലാപ്രതിഭകളെ കണ്ടെത്താവുന്ന സർവ്വകലാശാലാ കലോത്സവങ്ങൾ ഏതാനും വർഷമായി കേരള, എം. ജി. സർവ്വകലാശാലകളിൽ നടത്തുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരള. എം. ജി. സർവ്വകലാശാലകളിൽ മുടങ്ങിപ്പോയ കലോത്സവങ്ങൾ നടത്തുന്നതിനായി സർക്കാർ എന്തെങ്കിലും നിർദ്ദേശം മുന്നോട്ട് വച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) സർവ്വകലാശാലകൾ നേരിട്ട് കലോത്സവം നടത്തുന്നതിനെപ്പറ്റി ആലോചിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ഡി) കലോത്സവ വിജയികൾക്ക് ലഭ്യമാക്കാവുന്ന ഗ്രെയ്സ് മാർക്ക് ഉൾപ്പെടെയുള്ള സാധാരണ ആനുകൂല്യങ്ങൾ അവരുടേതല്ലാത്ത കാരണത്താൽ നഷ്ടപ്പെടുന്നത് പരിഹരിക്കാൻ എന്തെങ്കിലും ബദൽ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കോളേജ് യൂണിയൻ തെരഞ്ഞെടുപ്പുകൾ പൂർണ്ണമാകാത്തതുകൊണ്ടാണ് യുവജനോത്സവങ്ങൾ മുടങ്ങിയത്.

(ബി) ഇല്ല.

(സി) തെരഞ്ഞെടുക്കപ്പെട്ട സർവ്വകലാശാലാ യൂണിയൻ മുഖാന്തരമാണ് ഇപ്പോൾ കലോത്സവങ്ങൾ നടന്നുവരുന്നത്. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല നേരിട്ടാണ് കലോത്സവം സംഘടിപ്പിക്കുന്നത്. എം. ജി. സർവ്വകലാശാല ഇതിനെക്കുറിച്ച് ആലോചിച്ച് വരുന്നതേയുള്ളൂ. മറ്റ് യൂണിവേഴ്സിറ്റികളെപ്പറ്റിയുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) തൽക്കാലം പരിഗണനയിലില്ല.

കേരള സർവ്വകലാശാലയിൽ ഹിന്ദി അദ്ധ്യാപകരായി നിയമനം ലഭിച്ചവർ

143 [2374] ശ്രീ. കെ. മുഹമ്മദാലി:
,, ടി. എൻ. പ്രതാപൻ:
,, എം. എം. ഹസ്സൻ:
,, എം. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഹിന്ദി അദ്ധ്യാപക നിയമനത്തിനായി കേരള സർവ്വകലാശാല 2003 ഫെബ്രുവരി 3-ന് അപേക്ഷ ക്ഷണിച്ചിരുന്നോ;

(ബി) എങ്കിൽ ഇതുപ്രകാരം എത്ര അപേക്ഷ ലഭിച്ചു;

(സി) ഇവരിൽ ആർക്കൊക്കെയാണ് നിയമനം നൽകിയതെന്നും, എത്രയെല്ലാം ഇനത്തിലുള്ള ബോണസ് മാർക്ക് ഇവർക്ക് നൽകിയെന്നും വിശദീകരിക്കാമോ?

ഉത്തരം

(എ) ക്ഷണിച്ചിരുന്നു.

(ബി) 17 അപേക്ഷകൾ ലഭിച്ചു.

(സി) ഒന്നാം റാങ്ക് ലഭിച്ച ഡോ. കെ. പി. ജയയ്ക്ക് നിയമനം നൽകിയിട്ടുണ്ട്. ഇൻറർവ്യൂവിന് ക്ഷണിച്ച 15 ഉദ്യോഗാർത്ഥികളിൽ ആർക്കും സെലക്ഷൻ കമ്മിറ്റി ബോണസ് മാർക്ക് നൽകിയിട്ടില്ലെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly